# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025 - 2026

ST. MARY'S LPS ANGAMALY

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : എറണാകുളം
2. സ്കൂൾ കോഡ് : 25421
3. സ്കൂളിന്റെ പേര് : സെന്റ് മേരിസ് എൽ.പി സ്കൂൾ അങ്കമാലി.
4. മേൽവിലാസം : അങ്കമാലി (പി.ഒ) എറണാകുളം ജില്ല.
5. പിൻകോഡ് : 683578
6. ഫോൺ നമ്പർ : 9446448402
7. ഇ.മെയിൽ അഡ്രസ് : stmarys lPS angamaly@gmail.com
8. ഗ്രാമ പഞ്ചായത്ത് / മുൻസിപ്പാലിറ്റി : അങ്കമാലി.
9. വിദ്യാഭ്യാസ ജില്ല : ആലുവ
10. സബ് ജില്ല : അങ്കമാലി
11. മനേജ്മെന്റ് : എയ്ഡഡ്
12. ക്ലാസുകൾ : 1 മുതൽ 4 വരെ
13. പഠനമാധ്യമം : മലയാളം.

# ചരിത്രം

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലി ഉപ ജില്ലയിൽ ഉൾപ്പെടുന്ന സെന്റ് മേരീസ് എൽ.പി സ്കൂൾ ദേശീയ പാതയുടെ ഓരത്തായി സ്ഥിതി ചെയ്യുന്നു. മാലിരാജാവ് അങ്കം വെട്ടി പിടിച്ച നാടാണ് അങ്കമാലി എന്നാണ് പറയുന്നത്.

1918ൽ അങ്കമാലി സെന്റ് ജോർജ് ഫൊറോന പള്ളിയിലെ അംഗങ്ങളുടെ പ്രത്യേക താൽപര്യപ്രകാരം ആണ് ഈ വിദ്യാലയം സ്ഥാപിച്ചത്. സ്കൂളിന്റെ ആദ്യത്തെ മാനേജർ റവ. ഫാദർ കുര്യാക്കോസ് വെട്ടിക്കാപ്പിള്ളി ആണ്. ആദ്യം അങ്കമാലി ടൗണിൽ ആയിരുന്ന ഈ വിദ്യാലയം കുട്ടികളുടെ എണ്ണം കൂടുതൽ ആയപ്പോഴാണ് സൗകര്യങ്ങൾ ഉള്ള ഈ കെട്ടിടത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയത് 1992 ഫെബ്രുവരി 12 നാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകി കൊണ്ട് 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ബോധനം നടത്തുന്നു.

2015ൽ കെ ജി ക്ലാസ്സുകൾ ആരംഭിച്ചു. കുട്ടികളുടെ സർവാംഗ വികസനത്തിന് ഉതകുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തുന്നു.

കുട്ടികളുടെ പഠനത്തിൽ ഗണ്യമായ പുരോഗതിയുണ്ട്.

2018ൽ ഈ കൊച്ചു വിദ്യാലയം നൂറാം പിറന്നാൾ ആഘോഷിച്ചു. സർവ്വ പിന്തുണയും നൽകുന്ന മാനേജ്മെന്റും, പിടിഎ അംഗങ്ങളും പ്രഗൽഭരായ അധ്യാപകരും ചേർന്ന് ഈ വിദ്യാലയത്തെ മികവുറ്റതാക്കുന്നു.

# ആമുഖം

എറണാകുളം ജില്ലയിലെ അങ്കമാലി എന്ന പ്രദേശത്താണ് സെന്റ്. മേരിസ് എൽ.പി സ്കൂൾ നിലകൊള്ളുന്നത്. പാഠ്യ-പാഠ്യേതര രംഗത്ത് മികച്ച പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നുവരുന്നു. വിവിധ മത്സരപരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യവാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. ആവശ്യമായ ഭൗതിക സാഹ

ചര്യങ്ങൾ ഒരുക്കുന്നതിന് പിടിഎയുടെ ഇടപെടലും പൂർവ്വ വിദ്യാർത്ഥികൾ, നാട്ടുകാർ ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം സ്കൂളിന്റെ മുഖമുദ്രയാണ്.

അക്കാദമിക നിലവാരത്തിലുള്ള പൊതുസമൂഹത്തിന്റെ അംഗീകാരം നേടുന്നതിനും മുന്നേറുന്നതിനും കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# 1. ഭാഷാവികസനം

## ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. മാറി മാറി ഓരോ ക്ലാസിനും ചുമതല | എല്ലാ ക്ലാസ്സും. | ബന്ധപ്പെട്ട ടീച്ചർ | |
| 2. ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മകശേഷി വികസനം | 1. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ച്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |
| | 2. ഇംഗ്ലീഷ് ഡോക്യുമെന്ററി വീഡിയോകളുടെ പ്രദർശനം | എല്ലാ മാസവും | | |
| | 3. ഇംഗ്ലീഷ് കഥ, കവിത രചന വാർഷിക പതിപ്പ് തയ്യാറാക്കൽ | | | |
| 3. കുട്ടികളുടെ രചന സമൂഹത്തിലേക്ക് എത്തിക്കൽ | 1. കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | പ്രതി മാസം | | |

# മലയാള ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യനിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | ഒരു വർഷക്കാലം | അതത് ക്ലാസ് ടീച്ചർ | |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1. ക്ലാസ് വായനമൂല ഒരുക്കൽ | വർഷാരംഭത്തിൽ | | |
| | 2. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | എല്ലാ മാസവും | | |
| | 3. വായനോത്സവം | | | |
| | 4. വായന മത്സരങ്ങൾ സംഘടിപ്പിക്കൽ | | | |
| 3. പത്രവായന പരിപോഷിപ്പിക്കുക | 1. പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ | ഒരു വർഷത്തേക്ക് | വിദ്യാരംഗം ഇൻചാർജ് | |
| | 2. ഓരോ ക്ലാസിനും ഓരോ പത്രം | ദിവസേന | | |
| | 3. രാവിലെ പ്രധാന പത്രവാർത്തകളുടെ അവതരണം | ദിവസേന | അതത് ക്ലാസ് ടീച്ചർ | |

## 2. ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ – മാർച്ച് | SRG | |

## 3. ഗണിതശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിത പഠനം എളുപ്പമാക്കുന്നതിന് ആവശ്യമായ ഗണിതപഠനോപകരണങ്ങൾ ഒരുക്കൽ | ഓരോ ടേമിലും | അതത് ക്ലാസ് ടീച്ചർ | |
| | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി പതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരിക്കൽ | ഗണിത ക്ലബ് ഇൻചാർജ് | |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക്ഷീറ്റുകൾ ഉപയോഗപ്പെടുത്തി കുട്ടികളുടെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ – മാർച്ച് | അതത് ക്ലാസ് ടീച്ചർ | |

## 4 പ്രവൃത്തി പരിചയം

### പ്രവൃത്തി പരിചയ പരിശീലനം

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | വർഷത്തിൽ 1 മാസം | SRG | |

### കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചിയുള്ളവർക്ക് പരിശീലനം | ഉപകരണ സംഗീതത്തിലും മറ്റ് കലാവാസനകളും ഉള്ള കുട്ടികൾക്ക് വിദഗ്ദ്ധരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | ആഴ്ചയിൽ ഒരുതവണ വീതം | SRG | |

### കായിക വിദ്യാഭ്യാസം

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ | എല്ലാദിവസവും രാവിലെയും വൈകുന്നേരവും | കായികാധ്യാപകൻ | |

5. സ്കൂൾ പ്രവർത്തനങ്ങളുടെ ഡിജിറ്റൽ റിപ്പോർട്ട്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ പ്രവർത്തനങ്ങളെയും മികവുകളെയും പൊതുസമൂഹത്തിലേക്ക് എത്തിക്കുക | 1. സ്കൂൾതല ദിനാചരണങ്ങളുടേയും മറ്റ് പ്രവർത്തനങ്ങളുടേയും ഡിജിറ്റൽ പതിപ്പ്, വീഡിയോകൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രദർശിപ്പിക്കൽ | IT കോർഡിനേറ്റർ | ജൂൺ–മാർച്ച് | |

6. സ്കോളർഷിപ്പ് പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് സ്കോളർഷിപ്പുകൾ വിവിധ മത്സരപരീക്ഷകളിലൂടെ നേടിയെടുക്കൽ | Talent hunt, kids winner, LSS തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം നൽകൽ | ക്ലാസ്സ് ടീച്ചേഴ്സ് | ജൂൺ - മാർച്ച് | |

7. ലൈബ്രറി ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| വായന കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ വായനകാർഡുകൾ ഒരുക്കി സ്കൂൾലൈബ്രറി മെച്ചപ്പെടുത്തൽ. ആഴ്ചയിൽ 2 തവണ വീതം കുട്ടികൾക്ക് വായനയ്ക്ക് അവസരം ഒരുക്കൽ | ക്ലാസ് ടീച്ചർ | ആഴ്ചയിൽ രണ്ട് തവണ | |

## 8. അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠന പുരോഗതി വിലയിരുത്തുക | 1. SRG മീറ്റിംഗുകൾ സംഘടിപ്പിക്കുന്നു<br>2. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രവർത്തനങ്ങൾ ഒരുക്കുന്നു. | ആഴ്ചയിൽ 2 തവണ | SRG കൺവീനർ | |

## 9. ഔഷധസസ്യ പരിപോഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഔഷധസസ്യത്തോട്ടം നിർമ്മിക്കലും പരിപാലിക്കലും | 1. അധ്യാപകരുടെയും കുട്ടികളുടെയും മേൽനോട്ടത്തിൽ ഔഷധസസ്യങ്ങൾ നടുകയും അതിനെ പരിപാലിക്കുകയും ചെയ്യുക<br>2. ഔഷധസസ്യങ്ങളെ കുറിച്ച് പതിപ്പ് തയ്യാറാക്കൽ | കാലാനുസൃതം | ECO club കൺവീനർ | |

## 10. പച്ചക്കറിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പച്ചക്കറിത്തോട്ടം നിർമ്മിക്കലും പരിപാലിക്കലും | അധ്യാപകരുടെയും കുട്ടികളുടെയും മേൽനോട്ടത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക<br>ഫലങ്ങൾ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുക | ജൂൺ-മാർച്ച് | | |

## 11. മേളകൾ

ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ മേള

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ കഴിവുകൾ കണ്ടെത്തി വിവിധ മേളകളിൽ പങ്കെടുപ്പിക്കൽ | 1. സ്കൂൾതലത്തിൽ മേളകൾ സംഘടിപ്പിക്കുന്നു. 2. സബ്ജില്ലാ തലത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ 3. കൂടുതൽ കുട്ടികളെ മേളകളിൽ പങ്കെടുപ്പിക്കുന്നു | ആഗസ്റ്റ് മുതൽ നവംബർ വരെ | | |

## 12. കലാമേള , കായികമേള

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ കലാപരമായ കഴിവുകൾ കണ്ടെത്തി പരിശീലനം നൽകൽ | 1. സ്കൂൾ തലത്തിൽ മേളകൾ സംഘടിപ്പിക്കുന്നു 2. പരമാവധി കുട്ടികളെ വിവിധ ഇനങ്ങളിൽ പങ്കെടുപ്പിക്കുന്നു. 3. സബ്ജില്ലാ തലത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ | | | |
| കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തൽ | കായികമേളകൾ സംഘടിപ്പിക്കുകയും പരിശീലനം നൽകുകയും ചെയ്യുന്നു | | | |

## 13. ഐ. ടി. പഠനം കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതിക വിദ്യ കൈകാര്യം ചെയ്യുന്നതിനുള്ള വൈദഗ്ധ്യം നേടൽ | 1. ആഴ്ചയിൽ 2 തവണ IT പഠനം ഉറപ്പാക്കുക<br>2. ICT സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠന പ്രവർത്തനങ്ങൾ നടത്തൽ | ആഴ്ചയിൽ 2 തവണ<br>സമയാനുസൃതമായി | ക്ലാസ് ടീച്ചർ<br>" | |
| | | | | |